"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് - ബ്രോഡ് ബാൻഡ് ലീസ്ഡ് സർക്യൂട്ട് കണക്ഷന്റെ 2025-26 വർഷത്തെ വാർഷിക വാടക മുൻകൂറായി അടവ് വരുത്തിയ നടപടിയ്ക്ക് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും(ബി) വകുപ്പ്

സ.ഉ.(സാധാ) നം.968/2025/LBR **തീയതി,തിരുവനന്തപുരം,** 12-08-2025

പരാമർശം:- ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ 27.03.2025, 02.05.2025 തീയതികളിലെ KTWWFB/604/2025-B1 നമ്പർ കത്തുകൾ

ഉത്തരവ്

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 13 ജില്ലാ ഓഫീസുകളിലും ചീഫ് ഓഫീസിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ ബ്രോഡ് ബാൻഡ് ലീസ്ഡ് സർക്യൂട്ട് കണക്ഷന്റെ 2025-26 വർഷത്തെ മുൻകൂർ വാർഷിക വാടക ബിൽ തുകയായ 8,88,574/- രൂപ (എട്ട് ലക്ഷത്തി എൺപത്തി എട്ടായിരത്തി അഞ്ഞൂറ്റി എഴുപത്തി നാല്)2024 -25 സാമ്പത്തിക വർഷത്തിൽ തന്നെ അടവ് വരുത്തണമെന്ന് ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തിര സാഹചര്യം പരിഗണിച്ച് 18/03/2025 ന് ചേർന്ന 694-ാമത് ബോർഡ് യോഗ തീരുമാനപ്രകാരം ടി തുക 2024-25 സാമ്പത്തിക വർഷം അടവ് വരുത്തിയിട്ടുള്ള സാഹചര്യത്തിൽ ബ്രോഡ് ബാൻഡ് ലീസ്ഡ് സർക്യൂട്ട് കണക്ഷന്റെ 2025-26 വർഷത്തെ മുൻകൂർ വാർഷിക വാടക ബിൽ തുകയായ 8,88,574/- രൂപ അടവ് വരുത്തിയ നടപടിക്ക് സാധൂകരണം നൽകണമെന്ന് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ പരാമർശം കത്തുകളിലൂടെ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ബ്രോഡ് ബാൻഡ് ലീസ്ഡ് സർക്യൂട്ട് കണക്ഷന്റെ 2025-26 വർഷത്തെ മുൻകൂർ വാർഷിക വാടക ബിൽ തുകയായ ₹8,88,574/- രൂപ (എട്ട് ലക്ഷത്തി എൺപത്തി എട്ടായിരത്തി അഞ്ഞൂറ്റി എഴുപത്തി നാല് രൂപ മാത്രം) 2024 -25 സാമ്പത്തിക വർഷത്തിൽ തന്നെ അടവ് വരുത്തിയ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റെറ്റി പി തോമസ്
അണ്ടർ സെക്രട്ടറി

ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
Date: 12-08-2025 13:10:16
സെക്ഷൻ ഓഫീസർ

പകർപ്പ് - പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്